**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനാതിർത്തികളിലെ നികുതി വെട്ടിപ്പ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ കാര്യക്ഷമമായ പരിശോധനയില്ലാത്തതിനാൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ കാര്യക്ഷമമായ പരിശോധനകൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടത്തിവരുന്നു. ഇതിന്റെ ഭാഗമായി വകുപ്പ് പുനഃ സംഘടനയിലൂടെ തന്ത്രപ്രധാന കേന്ദ്രങ്ങളിൽ 47 എൻഫോഴ്സ്മെൻറ് സ്ക്വാഡുകളെ പുനർ വിന്യസിച്ചുകൊണ്ടു സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 24 മണിക്കൂറും ചരക്കു വാഹനങ്ങളുടെയും അവയിലൂടെയുള്ള ചരക്ക് നീക്കത്തിനു ആവശ്യമായ രേഖകളുടെയും പരിശോധന ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരം പരിശോധനയിൽ ക്രമക്കേടും നികുതി വെട്ടിപ്പും കണ്ടെത്തുന്നവയിൽ<br><br>ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ചെക്ക്പോസ്റ്റുകൾ പൂർണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാനാതിർത്തികളിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വിവിധ ജില്ലകളിലായി, അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ട ANPR ക്യാമറ സംവിധാനത്തിലൂടെ വാഹന നീക്കങ്ങൾ നിരീക്ഷിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ ചരക്കു വാഹനങ്ങളിലൂടെയുള്ള ചരക്ക് നീക്കത്തിന്റെ പരിശോധന കാര്യക്ഷമമായി നടത്തി നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനായുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നുണ്ട്. |
| (സി) | നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പുരോഗതി വിശദമാക്കുമോ? | (സി) | ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പുതിയ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് കൂടുതൽ കാര്യക്ഷമമായി നികുതി വെട്ടിപ്പ് കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ